# കുടുംബശ്രീ ജില്ലാ മിഷൻ

# പത്തനംതിട്ട

## കടപ്ര സി.ഡി.എസ്

## കോവിഡ് 19 പ്രവർത്തനം


**Submitted By**

**Remya Bhaskar**
**MKSP Block Coordinator**

കടപ്ര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് 2002 ൽ രൂപികരിച്ചു പ്രവർത്തനം ആരംഭിച്ചു (രജിസ്ട്രേഷൻനമ്പർ P389/02). 15 എ.ഡി.എസ്സുകളിലായി 225 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വികസനത്തിന് നല്ല രീതിയിൽ പല പ്രവർത്തങ്ങളും നടത്താൻ സി.ഡി.എസ്സിന് ഈ കാലയളവിൽ സാദിച്ചു. സി.ഡി.എസ് ൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 90 സംഘകൃഷി ഗ്രൂപ്പുകളും 46 സൂക്ഷ്മ സംരംഭ ഗ്രൂപ്പുകളും ഉ□ ്. എല്ലാ വാർഡുകളിൽ നിന്നും കമ്മ്യൂണിറ്റി കിച്ചണിലേക്കു സംഘ കൃഷി ഗ്രുപ്പുകളും സംരംഭ ഗ്രൂപ്പുകളും ഉൽപാദിപ്പിച്ച ഉൽപ്പന്നങ്ങൾ തങ്ങളാൽ കഴിയുന്ന രീതിയിൽ എത്തിച്ചു കൊടുത്തു.




കോവിഡ് എന്ന മഹാമാരി ലോകത്തെ പിടിച്ചു കുലുക്കിയപ്പോൾ കടപ്ര ഗ്രാമ പഞ്ചായത്തും കുടുംബശ്രീയും ആരോഗ്യ മേഖലയും ഒറ്റ കെട്ടായി നിന്നു പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. സി.ഡിഎസ് ചെയർപേഴ്സൺ വത്സല ഗോപാലകൃഷ്ണനെന്റും അക്കൗ□ന്റ് ശ്രീദേവിയുടെയും പ്രവർത്തനം പ്രശംസനീയം ആണ്.




## <u>പ്രതിരോധ പ്രവർത്തനങ്ങൾ</u>

കോവിഡ് ജില്ലയിൽ റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പഞ്ചായത്തും കുടുംബശ്രീയും വാർഡ് നടപ്പാക്കേ□ പ്രവർത്തനം ശാരീരിക അകലം പാലിച്ചു കൊ□ ് കമ്മിറ്റി കൂടി തീരുമാനം എടുക്കുകയും അതെ നടപ്പിലാക്കുകയും ചെയ്തു. യൂണിറ്റുകളെ കൊ□ ് മാസ്ക് നിർമിച്ചു നൽകി. ഫോൺ മൂഖേന അംഗങ്ങളെ വിളിച്ചു കോവിഡ് കാലത്തെ ചെയ്യ□ പ്രവർത്തനങ്ങളെ കുറിച്ച് നിർദേശം നൽകി .

## കുടുംബശ്രീ സി.ഡി.എസ്സ് കോവിഡ് 19 CMHLS ലോൺ വിവരങ്ങൾ

| ക്ര.നം | കുടുംബശ്രീക്ക് ലഭ്യമായ ലോണിന്റെ വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | നിലവിലിലുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 225 |
| 2 | അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം | 3125 |
| 3 | എ.ഡി എസ് കളുടെ എണ്ണം | 15 |
| 4 | ജില്ല മിഷനിൽ നിന്നും അനുവദിച്ച CMHLS ലോൺ തുക | 1,90,00,000 |
| 5 | അകെ കിട്ടിയ ലോൺ ആപ്ലിക്കേഷൻ | 165 |
| 6 | ബാങ്കിൽ നൽകിയ ആപ്ലിക്കേഷൻ | 129 |

## CMHLS ലോൺ കൊടുത്ത ബാങ്കുകളുടെ വിവരങ്ങൾ

| ക്ര.നം | ബാങ്ക് | ലോൺ അപ്ലിക്കേഷൻ എണ്ണം | ലോൺ നൽകിയ തുക |
|---|---|---|---|
| 1 | സെൻട്രൽ ബാങ്ക്, പുളികീഴ് | 84 | 11960000 |
| 2 | ഡിസ്ട്രിക്ക് കോ ഓപ്പറേറ്റീവ് ബാങ്ക്, നിരണം | 43 | 5700000 |
| 3 | ഇന്ത്യൻ ബാങ്ക് | 2 | 270000 |
| 4 | എച്.ഡി.എഫ്.സി | 3 | 460000 |

## കോവിഡ്കാല പ്രവർത്തനങ്ങൾ

കടപ്ര ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചന്റെ പ്രവത്തനം കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ കൂട്ടായ്മയിൽ വലിയ ഒരു സാമൂഹ്യ പ്രതിബദ്ധത ഉള്ള പ്രവർത്തനം ആക്കുന്നതിൽ സി.ഡി.എസ് പൂർണ്ണമായും വിജയിച്ചു.

ലോക്കഡോൺ ആരംഭിച്ച ര□ ാം ദിവസം തന്നെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം കടപ്ര യു.പി സ്കൂളിൽ ആരംഭിക്കാൻ സി.ഡി.എസ്സിന് കഴിഞ്ഞു.

കുടുംബശ്രീ സി.ഡി.എസ്സിലെ എല്ലാ അംഗങ്ങളും വാർഡ് മെമ്പർമാരും നല്ല രീതിയിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനത്തിൽ ഏർപ്പെട്ടു കൂടാതെ വാർഡ് തലത്തിൽ വോളന്റീർമാരെ വിന്യസിപ്പിച്ചു പ്രവർത്തനം കാര്യക്ഷമമാക്കി.

പഞ്ചായത്തിലെ 6-ാം വാർഡ് മെമ്പർ ശ്രീകല എല്ലാ സി.ഡി.എസ് അംഗങ്ങൾക്കും മാസ്ക് വിതരണം ചെയ്തു, അതോടൊപ്പം മെമ്പറുടെ മകൻ സ്വന്തമായി മാസ്ക് തുന്നി ആവശ്യക്കാർക്ക് സൗജന്യമായി നൽകി.

ലോക്ക്ഡൗൺ കാലത്ത് കമ്മ്യൂണിറ്റി കിച്ചനിലൂടെ 5700 ഓളം ഭക്ഷണ പൊതികൾ ആവശ്യക്കാർക്ക് എത്തിച്ചു നൽകാൻ സാധിച്ചു.

ഒറ്റപ്പെട്ടു പോയ അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭഷണം നൽകാനും അഗതികളായവർക്കും തെരുവിൽ കഴിയുന്നവർക്കും പ്രത്യേക പരിഗണന നൽകി കിച്ചണിൽ നിന്നും ഭക്ഷണം നൽകി.

ലോക്ക്ഡൗൺ ആയതിനാൽ മരുന്ന് ആവശ്യമുള്ള രോഗികളായിട്ടുള്ളവർക്ക് സി.ഡി.എസ് മെമ്പറുമാരുടെ നേതൃത്വത്തിൽ ആവശ്യം അനുസരിച്ച് ആരോഗ്യ വകുപ്പുമായി സംയോജിച്ച് മെഡിസിൻ ആവശ്യം ഉള്ളവർക്ക് എത്തിച്ച് നൽകി.

വാർഡുകളിൽ ഒറ്റക്ക് താമസിക്കുന്ന ആളുകൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉൾപ്പടെ ആവശ്യമുള്ള സഹായങ്ങൾ നൽകുന്നതിൽ സി.ഡി.എസ് പ്രത്യേകം ശ്രദ്ധ നൽകി പ്രവർത്തിച്ചു.

പഞ്ചായത്തിൽ ക്വാറന്റൈനിൽ കഴിയുന്ന അംഗങ്ങളെ സി.ഡി.എസ് അംഗങ്ങളെ ഫോണിലൂടെ ബന്ധപ്പെട്ടു ആവശ്യമായ കൗൺസിലിംഗ് നൽകുകയും വയോജനങ്ങൾ ആയിട്ടുള്ള അംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആവശ്യങ്ങൾ നിറവേറ്റി നൽക്കയും ചെയ്തു.

ഹരിതകേരള മിഷൻ പദ്ധതിയുടെ ഭാഗമായി സി.ഡി.എസ് മുഖേന കൃഷിഭവൻ വാർഡിലെ എല്ലാ അംഗങ്ങൾക്കും പല തരത്തിലുള്ള പച്ചക്കറി വിത്തുകൾ നൽകി നൽകി ലോക്ക് ഡൗൺ കാലം പരിപൂർണ്ണ പ്രയോജനകരം ആകനുള്ള ഒരു മികച്ച പ്രവർത്തനം നടത്തി.

ലോക്ക്ഡൗണിന്റെ പരിണിത ഫലമായിട്ട് സംസ്ഥാനത്ത് പച്ചക്കറിയുടെ ലഭ്യത കുറയുകയും, ഇതിനൊരു പരിഹാരം എല്ലാക്കാലത്തും ഉ□ാകണം എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുടെ ആഭിമിഖ്യത്തിൽ എല്ലാ അയൽക്കൂട്ട അംഗങ്ങളും സ്വന്തമായി തന്റെ കുടുംബത്തിന് ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുകയും അതുവഴി ഭക്ഷ്യസുരക്ഷയും പച്ചക്കറിയിൽ സ്വയംപര്യാപ്തയും കൈവരിക്കുക എന്നെ ലക്ഷ്യയത്തോടെ ആണ് **"എന്റെ കൃഷി എന്റെ ആരോഗ്യം ഒപ്പം നിങ്ങളുടെയും"** എന്ന പദ്ധതി നടപ്പിലാക്കുകയും അതിലൂടെ കടപ്ര സി.ഡി.എസ്സിലെ കുടുംബശ്രീ അംഗങ്ങൾക്ക് ലഭിച്ച വിത്ത് ഉപയോഗിച്ച് ഒരു കാർഷിക ശീലം ഉ□ാക്കി എടുക്കുവാൻ സാധിച്ചു.





സി.ഡി.എസിലെ **ബാലസഭാ** കുട്ടികളും തങ്ങളുടേതായ പ്രവർത്തനങ്ങളിൽ ഒട്ടും പിന്നിലായിരുന്നില്ല. കോവിഡ് പ്രധിരോധ മാർഗ്ഗങ്ങളെ കുറിച്ച് പൊതു ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്ന രീതിയിൽ ചിത്ര രചന, അതുപോലെ ലോക്കഡോൺ കാലഘട്ടം ആസ്വാദകരമാക്കാൻ വിവിധ വിനോദങ്ങൾ എന്നിവയിൽ ഏർപ്പെട്ടു.



